DESABHIMANI
2 February 2016

# മലബാർ സിമന്റ്സിൽ പ്രൊമോഷൻ തസ്തികകളിൽ സ്വന്തക്കാരെ തിരുകിക്കയറ്റാൻ ശ്രമം

**പാലക്കാട്** > പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിൽ, അർഹരായ തൊഴിലാളികൾക്കു ലഭിക്കേണ്ട വിവിധ തസ്തികകളിലേക്ക് മാനേജ്മെന്റിന്റെ ഇഷ്ടക്കാരെ തിരുകിക്കയറ്റാൻ പ്രൊമോഷൻ അട്ടിമറിക്കുന്നതായി പരാതി. ഇന്റേണൽ പ്രൊമോഷൻസംബന്ധിച്ച് നിലവിൽ തുടരുന്ന രീതി താൽപ്പര്യമുള്ളവരെ പരിഗണിക്കാൻവേണ്ടി മാറ്റംവരുത്തുകയാണ്.

എഴുത്തുപരീക്ഷ, പ്രായോഗികപരീക്ഷ, ഇന്റർവ്യൂ എന്നിങ്ങനെയാണ് സാധാരണ നടപടിക്രമം. ഇതിനുവിരുദ്ധമായി ടൈപ്പിസ്റ്റ്,ക്ലർക്ക് തസ്തികയിലേക്ക് തുടക്കത്തിൽത്തന്നെ പ്രായോഗിക പരീക്ഷ നടത്താനും അതിൽനിന്ന് മുൻഗണനാക്രമത്തിൽ പരിഗണിക്കാനുമാണ് ശ്രമിക്കുന്നത്. ഈ തസ്തികയിലേക്ക് യോഗ്യരായവർ പ്ലാന്റ്, മൈൻസ്, സിജിയു എന്നിവിടങ്ങളിൽ വർഷങ്ങളായി കഠിനമായ കായികശേഷിയോടെ ജോലി ചെയ്യുകയാണ്. അവരെ പരിഗണിക്കാതെ ഭരണാനുകൂലയൂണിയനിൽ പ്പെട്ടവരും മാനേജ്മെന്റിന്റെ ഇഷ്ടക്കാരായവരുമായവർക്ക് പ്രൊമോഷൻ നൽകാനാണ് ശ്രമമുള്ളത്.

യുഡിഎഫ്സർക്കാർ അധികാരത്തിൽവന്നതിനുശേഷം, യോഗ്യതയില്ലാതെ തന്നെ ഓഫീസുകളിൽ ഉയർന്ന ജോലി ചെയ്യാൻ അവസരം ലഭിച്ചവരുമുണ്ട്. ഓഫീസുകളിൽ പ്രൊമോഷൻവരുന്ന മുറയ്ക്ക് ഇവരെ തിരുകിക്കയറ്റാനാണ് മാനേജ്മെന്റ് ശ്രമിക്കുന്നതെന്ന് എംസിഎൽ എംപ്ലോയീസ് യൂണിയൻ ആരോപിച്ചു. ഉന്നത തസ്തികകളിലേക്ക് പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ളവർ എംസിഎൽ എംപ്ലോയീസ് യൂണിയനിൽപ്പെട്ടവരാണെന്ന രാഷ്ട്രീയപക്ഷപാതിത്വവും മാനേജ്മെന്റിന്റെ പുതിയ നീക്കത്തിനു കാരണമാണ്. ഇത്തരം നടപടി അവസാനിപ്പിച്ചില്ലെങ്കിൽ സമരപരിപാടികളുമായി മുന്നോട്ടുപോകുമെന്ന് യൂണിയൻ എംസിഎൽ മാനേജ്മെന്റിന് കത്ത് നൽകി.

## സമരത്തിന് ഐക്യദാർഢ്യം

**വാളയാർ** >എംസിഎൽ ലേബർ യൂണിയൻ നടത്തുന്ന അനിശ്ചിതകാല രാപ്പകൽസത്യഗ്രഹസമരത്തിന് ഇൻസ്ട്രുമെന്റേഷൻ വർക്കേഴ്സ് യൂണിയൻ(സിഐടിയു)തൊഴിലാളികൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി എം പ്രേമൻ, വൈസ് പ്രസിഡന്റ് ആർ വിനോദ്കുമാർ എന്നിവർ സമരക്കാരെ സന്ദർശിച്ചു. എംസിഎൽ ലേബർ യൂണിയൻ സെക്രട്ടറി കെ കണ്ണൻ, പ്രസിഡന്റ് എൻ തങ്കച്ചൻ എന്നിവർ സംസാരിച്ചു.